**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 336** | **23-08-2022 - ൽ മറുപടിയ്ക്ക്**

**ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം മുകേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ വീടുകളും സ്ഥാപനങ്ങളും മാലിന്യമുക്തമാക്കുന്നതിന് സഹായകരമാകുന്ന നിലയിൽ വിഭാവനം ചെയ്തിട്ടുള്ള ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകോപനവും പ്രവർത്തന മികവ് നിരീക്ഷണത്തിനും കെൽട്രോൺ മുഖേന തയ്യാറാക്കിയിട്ടുള്ളതാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം. ഉപഭോക്താക്കളുടെ വിവര ശേഖരണം, നിലവിൽ ലഭ്യമായ മാലിന്യ സംസ്കരണ നടപടികൾ, സേവനങ്ങൾ നൽകുമ്പോൾ വിശദാംശങ്ങൾ രേഖപ്പെടുത്തൽ എന്നിവ ഇതിലൂടെ സാധ്യമാണ്. ഇതിൽ ലഭ്യമായിട്ടുള്ള ഉപഭോക്തൃ ആപ്പ് വഴി ഉപയോക്താവിന് പ്രത്യേക സേവനങ്ങൾക്കായി അഭ്യർത്ഥിക്കൽ, പരാതികൾ ഉന്നയിക്കൽ, മാലിന്യം തള്ളുന്നത് റിപ്പോർട്ട് ചെയ്യൽ തുടങ്ങിയ സേവനങ്ങൾ ലഭിക്കും.<br><br>ആദ്യ ഘട്ടത്തിൽ 312 പഞ്ചായത്തുകൾ, 58 നഗരസഭകൾ, 4 കോർപ്പറേഷനുകൾ ഉൾപ്പടെ 374 തദ്ദേശ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>**തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഉപയോക്താക്കൾക്ക് ലഭ്യമാകുന്ന വിവരങ്ങൾ**<br>1. തദ്ദേശ സ്ഥാപനത്തിൻറെ മൊത്തത്തിലുള്ള മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ അവലോകനം<br>2. മാലിന്യം സംബന്ധിച്ച് വാർഡ് തിരിച്ചുള്ള സർവ്വേ വിശദാംശങ്ങൾ<br>3. വാർഡ് തിരിച്ചുള്ള പ്ലാൻ എൻറോൾമെൻറ് വിശദാംശങ്ങൾ<br>4. വാർഡ് തിരിച്ചുള്ള സേവനം നൽകൽ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചുള്ള വിവരങ്ങൾ<br>5. യൂസർ ഫീ ശേഖരണ വിവരങ്ങൾ<br><br>**താഴെ പറയുന്ന ഘടകങ്ങൾ സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റത്തിൽ ലഭ്യമാണ്.**<br>1. നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളെ മനസ്സിലാക്കുന്നതിനുള്ള സർവ്വേ മൊബൈൽ അപ്ലിക്കേഷൻ. ഇത് വഴി വീടുകൾ, കടകൾ, ആശുപത്രികൾ, ഓഡിറ്റോറിയങ്ങൾ, ആരാധനാലയങ്ങൾ, പാർക്കുകൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിങ്ങനെ തരം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാവും.<br>2. ഹരിത കർമ്മ സേനകളുടെ സേവനങ്ങളും, അനുബന്ധ പ്രവർത്തനങ്ങളെയും നിരീക്ഷിക്കുന്നതിനും, വിലയിരുത്തുന്നതിനും ആവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ.<br>3. ഉണഭോക്താക്കൾക്ക് സേവനങ്ങൾ ആവശ്യപ്പെടുന്നതിനും പരാതികൾ അറിയിക്കുന്നതിനും പണം അടക്കുന്നതിനും ആവശ്യമായ മൊബൈൽ അപ്ലിക്കേഷൻ.<br>4. ഉണഭോക്താക്കൾക്ക് നഗരപരിധിയിൽ നടക്കുന്ന അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതും മാലിന്യം കത്തിക്കുന്നതുമായ സംഭവങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപങ്ങളെ അറിയിക്കാനുള്ള സംവിധാനം<br>5. ഉണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള അടുത്തുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും മെറ്റീരിയൽ റിക്കവറി സെന്ററും കണ്ടുപിടിക്കാനുള്ള സംവിധാനം.<br>6. മാലിന്യ സംസ്കരണ സേവനങ്ങൾ ഏകീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമാവശ്യമായ വെബ് പോർട്ടൽ സംവിധാനം. വിവിധ ഉദ്യോഗസ്ഥർക്കും സർക്കാരിനും ആവശ്യമായ റിപ്പോർട്ടുകൾ. |
| (ബി) | ഹരിത മിത്രം ആപ്ലിക്കേഷൻ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ആദ്യ ഘട്ടത്തിൽ പദ്ധതി വച്ച് DPC അംഗീകാരം ലഭ്യമായിട്ടുള്ള 374 തദ്ദേശ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ടാം ഘട്ടത്തിൽ പദ്ധതി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനു തീരുമാനം എടുത്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മലിനജല സംസ്കരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2 എന്നീ പദ്ധതികൾ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണ/പരിപാലന സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വകേരളം (അർബൻ), ശുചിത്വ കേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ/ പരിപാലനത്തിന് സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | കെട്ടിടാവശിഷ്ട മാലിന്യം ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. 30.07.2022-ലെ സ.ഉ (കൈ) നം. 168/2022/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിടാവശിഷ്ട മാലിന്യം ശേഖരിക്കുന്നതിനും, നിർമ്മാർജ്ജനം ചെയ്യുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ